(ഡി) 2005-06 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാനമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ആരോഗ്യ ഇൻഷ്വറൻസും, പ്രസിഡന്റ് നിയമസഭയിൽ പ്രഖ്യാപിച്ച 16 ഇന പരിപാടികളുമാണ്. (10 ഇന പരിപാടികളും കേരള സർക്കാർ പ്രഖ്യാപിച്ച 6 ഇന പരിപാടികളും) (16 ഇന പരിപാടി അനുബന്ധമായി ചേർത്തിരിക്കുന്നു). †

(ബി) ആരോഗ്യ ഇൻഷ്വറൻസിനായി ഒരു വർഷത്തേക്ക് ഏകദേശം 100 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പ്രസിഡന്റിന്റെ മിഷനുമായി ബന്ധപ്പെട്ട പരിപാടികൾ അടുത്ത അഞ്ചു വർഷമായി നടപ്പിലാക്കുന്നതിന് ഏകദേശം 13495 കോടി രൂപയും കണക്കാക്കിയിട്ടുണ്ട്.

(സി & ഡി) വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തികൾക്കുംവേണ്ടി 2005-06 പദ്ധതി ബഡ്ജറ്റിൽ 5369.81 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വികസന പദ്ധതികളുടെ മേഖലാ വിഹിതവും 31-12-2005 വരെയുള്ള ചെലവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

വിദേശ അതിഥികൾ

69 [787] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ അതിഥികളായി കഴിഞ്ഞ വർഷങ്ങളിൽ എത്ര പേർ സംസ്ഥാനത്ത് വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർ വിദേശത്തുനിന്ന് വന്നിട്ടുള്ള അതിഥികളാണെന്ന് വ്യക്തമാക്കാമോ;

(സി) അതിഥികൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർ സംസ്ഥാനത്ത് അതിഥികളായി എത്തുന്നത് ഏതാവശ്യങ്ങൾക്കാണെന്ന് അന്വേഷിക്കുന്ന നടപടി നിലവിലുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന അതിഥികളായി എത്തുന്നവരുടെ താമസം, യാത്രാസൗകര്യം എന്നിവ സർക്കാർ സൗജന്യമായി നൽകുന്നു.

(ഡി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly